
ചരിത്രപഥം ...



# വരാപ്പുഴ അതിരൂപതാസിനഡ്:
## ശുശ്രൂഷാസമിതികളുടെയും കമ്മീഷനുകളുടെയും രൂപവത്കരണം

**മോൺ. ജോസഫ് പടിയാരംപറമ്പിൽ**

**2016** മെയ് 18-ാം തീയതി, സന്ധ്യാനേരം. പന്തക്കുസ്താദിനത്തിന്റ തലേനാൾ. സെന്റ് പീറ്റേഴ്സ് സ്ക്വയർ നിറഞ്ഞു കവിയുന്ന ജനാവലി. അവരിൽ നിന്ന് നാലു പേരുടെ ചോദ്യങ്ങൾക്ക് പാപ്പാ ഉത്തരം പറഞ്ഞു തുടങ്ങി:

സുവിശേഷപ്രഘോഷണം നടത്തേണ്ടത് എങ്ങനെയാണ് എന്നാണ് നിങ്ങളുടെ ചോദ്യം. ഈ ചോദ്യത്തിന് എനിക്ക് മൂന്നു കാര്യങ്ങളേ പറയാനുള്ളൂ "ഈശോ, പ്രാർഥന, ജീവിത സാക്ഷ്യം." ഒന്നു നിറുത്തിയിട്ട്, തന്റെ മുന്നിൽ, തന്നെ ശ്രവിക്കുന്ന പതിനായിരങ്ങളെ ആകമാനം ഒന്നു നോക്കിയിട്ട് പാപ്പാ പറഞ്ഞു: "അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈശോ തന്നെയാണ്."

1886 സെപ്റ്റംബർ ഒന്നാം തീയതിയാണ് വരാപ്പുഴ വികാരിയാത്ത് വരാപ്പുഴ അതിരൂപതയായി ഉയർത്തപ്പെട്ടത്. പരിശുദ്ധ പിതാവ് ലിയോ 13-ാമന്റെ ഹ്യുമാനേ സാലുത്തിസ് ഔക്തോർ എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെയാണ് ആ ചരിത്രസംഭവം പിറന്നത്. അതിന്റെ 125-ാം വാർഷികം (ശതോത്തര രജത ജൂബിലി) 2012-ൽ നാം അത്യാഹ്ലാദത്തോടെ ആഘോഷിക്കുകയുണ്ടായി. "ക്രിസ്തുവിൽ നവജീവൻ" എന്നായിരുന്നു ആഘോഷങ്ങളുടെ ആപ്തവാക്യം. ഫ്രാൻസിസ് പാപ്പായുടെ ആദർശങ്ങളുടെ അനുരണനങ്ങൾ തന്നെ. ശതോത്തര രജത ജൂബിലി ആഘോഷത്തിന്റെ സമാപനത്തിൽ (2012, ഒക്-28) വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവ് "അതിരൂപതാ

സിനഡ്" പ്രഖ്യാപിച്ചു. "നവജീവനിലേക്ക് ഒരു തീർത്ഥാടനം" എന്നായിരുന്നു സിനഡിന്റെ ആപ്തവാക്യം. വിശ്വാസം, പങ്കാളിത്തം, സമൂഹനിർമ്മിതി എന്നീ മൂന്നു ദൗത്യങ്ങൾ സിനഡിന്റെ ആത്മാവായി ജ്വലിച്ചുനിന്നു. അതിരൂപതാംഗങ്ങളുടെ വിശ്വാസത്തിന്റെ ആഴപ്പെടുത്തലും പ്രവർത്തനങ്ങളുടെ വിലയിരുത്തലും നവമായൊരു സ്നേഹസമൂഹ നിർമ്മിതിയുമായിരുന്നു സിനഡിന്റെ ലക്ഷ്യം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വലിയ സ്വപ്നങ്ങളിൽ ഒന്നായിരുന്നു സഭയിലെ "അല്മായ പങ്കാളിത്തം". CBCI, CCBI, KCBC, KRLCBC എന്നീ സമിതികൾ ഇതിനേറെ മുൻതൂക്കം കൊടുക്കുകയും പ്രാവർത്തികമാക്കാൻ ഏറെ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാലും അത് പൂർണമായും വിജയിച്ചിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. അതിനുള്ള പരിശ്രമങ്ങൾ തുടരുക തന്നെ ചെയ്യണം.

സഭയുടെ കനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ ഒന്നാണ് ആരോഗ്യപരവും ഭാവാത്മകവുമായ ഒരു സമൂഹത്തിന്റെ നിർമ്മിതി. യഥാർഥ ആധ്യാത്മികതയെന്നാൽ ചുറ്റുമുള്ള മനുഷ്യരുടെ നന്മ കാംക്ഷിക്കുകയും അവരെ സർവവിധ സമൃദ്ധിയിലേക്കും നയിക്കുകയെന്നതുമാണ്. "നീയും പോയി അതു പോലെ ചെയ്യുവിൻ" എന്ന് നല്ല സമരിയാക്കാരനെചൂണ്ടി ഈശോ നിയമജ്ഞനോടു പറഞ്ഞതാണ് ആത്മീയതയുടെ ആത്മാവ്. നിത്യം നവമായ ജീവനിലേക്ക് നിത്യം നടത്തുന്ന തീർഥാടനമാണ് ഭൂമിയിലെ മനുഷ്യജീവിതം. അതാണ് സഭയുടെ ജ്വലിക്കുന്ന മുഖം.

## ഉദയം പേരൂർ സൂനഹദോസ്

കേരള സഭാചരിത്രത്തിലെ ആദ്യ സിനഡായിരുന്നു അത്. 1599 ജൂൺ 20 മുതൽ 26 വരെ ദിവസങ്ങളിൽ ഉദയംപേരൂരിൽ വച്ചു നടന്ന പ്രസ്തുത സിനഡ് വിളിച്ചു കൂട്ടിയത് ഗോവയുടെ ആർച്ചു ബിഷപ് ഡോ. അലെക്സിസ് ഡി. മെനെസിസ് ആയിരുന്നു. സിനഡിൽ 133 വൈദികരും 20 ഡീക്കന്മാരും 660 ഇടവക പ്രതിനിധികളും പങ്കെടുത്തു.

കേരള സമൂഹത്തിലെ ജാതിവ്യവസ്ഥകൾക്കും അനാചാരങ്ങൾക്കും പകരം, ക്രിസ്തുസമത്വ ദർശനത്തിലൂന്നിയ പുതിയ ഒരു സാമൂഹിക നീതി ഉറപ്പാക്കാൻ അതിനു സാധിച്ചു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ഒരു ഉടച്ചുവാർക്കലിന് ഉദയം പേരൂർ സൂനഹദോസ് കാരണമായി. ഇരുന്നൂറോളം കാനോനകൾക്കു രൂപം കൊടുത്ത ഈ സിനഡിന്റെ തീരുമാനങ്ങൾ വത്തിക്കാൻ അംഗീകരിക്കുകയും 1601 മെയ് 19-ന് ക്ലെമെന്റ് ആറാമൻ പാപ്പാ 'Divinam Dei' എന്ന തിരുവെഴുത്തിലൂടെ ഇതിനെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

ഉദയംപേരൂർ സൂനഹദോസിനു ശേഷം അലക്സാർ ഏഴാമൻ പാപ്പാ 1659 ഡിസംബർ 3-ാം തീയതി മലബാർ വികാരിയാത്തും 1709 മാർച്ച് 13-ാം തീയതി ക്ലെമെന്റ് പതിനൊന്നാമൻ പാപ്പാ വരാപ്പുഴ വികാരിയാത്തും സ്ഥാപിച്ചു. വരാപ്പുഴയെ അതിരൂപതയായി ഉയർത്തിയത് ലെയോ പതിമൂന്നാമനാണ്. അഭിവന്ദ്യ ഡോ. ലെയോനാർഡ് മെല്ലാനോ ആയിരുന്നു വരാപ്പുഴ അതിരൂപതയുടെ ആദ്യ മെത്രാപ്പോലീത്ത.

1886 മുതൽ 1897 വരെയുള്ള മെല്ലാനോയുടെ ഭരണകാലത്ത് മൂന്ന് അതിരൂപതാ സിനഡുകളും ഒരു പ്രാദേശിക സിനഡും വിളിച്ചു ചേർക്കുകയുണ്ടായി. അതിന്റെ നാൾവഴി ഇപ്രകാരമാണ്:

1889 ഏപ്രിൽ 23, 24, 25 തീയതികളിൽ വരാപ്പുഴയിൽ, 1893 ഏപ്രിൽ 19 ന് മഞ്ഞുമ്മൽ വച്ച്, 1894 ഏപ്രിൽ 01, 8. 15 മഞ്ഞുമ്മൽ വച്ച് (പ്രാദേശിക സിനഡ്), 1896 ഡിസംബർ 15, 16 തീയതികളിൽ മഞ്ഞുമ്മൽ വച്ച് ഈ സിനഡുകളിൽ ചർച്ച ചെയ്യപ്പെട്ടതും ഉരുത്തിരിഞ്ഞതുമായ ഡിക്രികളാണ് വരാപ്പുഴ അതിരൂപതയ്ക്ക് ശക്തമായ അടിത്തറ പാകിയത്. മെല്ലാനോ നടത്തിയ നാലിൽ മൂന്നു സിനഡുകളും നടന്നത് മഞ്ഞുമ്മൽ വച്ചായിരുന്നു എന്നത് ശ്രദ്ധിക്കണം.

## ആധുനികയുഗത്തിലെ അതിരൂപതാ സിനഡ്

നീണ്ട 119 വർഷങ്ങൾക്കുശേഷമാണ് മറ്റൊരു സിനഡ് വരാപ്പുഴ അതിരൂപതയിൽ വിളിച്ചു ചേർക്കപ്പെട്ടത്. മാറിവരുന്ന കാലഘട്ടത്തിന്റെയും സാഹചര്യങ്ങളുടെയും വെല്ലുവിളികളുടെയും പശ്ചാത്തലമാണ് ഇതിനു കാരണം. എല്ലാ വിശ്വാസികളുടെയും സജീവവും ക്രിയാത്മകവുമായ നവീകരണം ലക്ഷ്യംവച്ചുള്ള ഈ സിനഡ് ആധുനിക കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു.

1987-ൽ വരാപ്പുഴ അതിരൂപതയിൽ നിന്നു രൂപം കൊണ്ട കോട്ടപ്പുറം രൂപത 23 വർഷക്കാലം സമർഥമായും സമ്യക്കായും നയിച്ച് ആ രൂപതയിൽ ഒരു സിനഡു നടത്തി പരിചയസമ്പത്തുള്ള അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവിന്റെ ദീർഘദർശനമാണ് 2012 ഒക്ടോബർ 28-ന് വരാപ്പുഴ അതിരൂപതാ സിനഡ് വിളിച്ചുകൂട്ടാൻ തീരുമാനമെടുത്തത്. അതിരൂപതാധ്യക്ഷനോടു ചേർന്നുനിന്ന് അതിരൂപതയിലെ വൈദികർ, സന്ന്യസ്തർ, അല്മായർ ഒരേ മനസ്സോടെ ഈ മഹിതസംഭവത്തിനൊരുങ്ങി. നീണ്ട രണ്ടരവർഷക്കാലത്തെ നിരന്തരമായ പഠനങ്ങൾക്കും ചർച്ചകൾക്കും വിചിന്തനങ്ങൾക്കും ശേഷമാണ് സിനഡിന് ഒത്തു ചേർന്നത്. 2015 ഏപ്രിൽ 8 മുതൽ 12 വരെ തീയതികളിൽ, അതിരൂപതയുടെ പാസ്റ്ററൽ സെന്ററായ ആശീർഭവനിൽവച്ച് നടത്തപ്പെട്ട സിനഡ് അക്ഷരാർഥത്തിൽ ഒരു സെഹിയോൻ അനുഭവമായിരുന്നു. കാരണം, അതിരൂപത മുഴുവൻ സിനഡിന്റെ വിജയത്തിനായി പ്രാർഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. മെത്രാപ്പോലീത്തയോടൊപ്പം വിവിധ കർമരംഗങ്ങളിൽ പ്രവർത്തിക്കുന്ന 180 പേർ ഈ വിശുദ്ധ കൂട്ടായ്മയിൽ പങ്കെടുത്തു. സിനഡിനെക്കുറിച്ച് മറ്റൊരു പ്രബന്ധമുള്ളതിനാൽ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

ഏറെ ക്രിയാത്മകവും അതിരൂപതയുടെ സമഗ്രവികസനത്തിന് ഉപകാരപ്രദവുമാകുന്ന പ്രായോഗിക തീരുമാനങ്ങളാണ് സിനഡിലൂടെ ഉയർന്നുവന്നത്. അവയെല്ലാം നടപ്പാക്കാൻ ശ്രമിക്കുകയാണെങ്കിൽ അതിരൂപതയ്ക്കും അതിനുചുറ്റും സംഭവിക്കാവുന്ന അഭ്യുന്നതിയും വികസനവും അഭൂതപൂർവകമായിരിക്കും. പക്ഷേ, ബൃഹത്തായ ഈ കർമ പദ്ധതികൾ എങ്ങനെ പ്രവൃത്തിപഥത്തിലെത്തിക്കാം എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരമുണ്ട്. "നാം ഒരുമിച്ചു നടത്തും." ഇവിടെയാണ് പങ്കാളിത്ത സഭയുടെ പ്രാധാന്യവും പ്രസക്തിയും നിർണായകമാകുന്നത്.

## ശുശ്രൂഷാസമിതികളും കമ്മീഷനുകളും

അതിരൂപതാ സിനഡ് മുന്നോട്ടു വയ്ക്കുന്ന ബഹുമുഖങ്ങളായ അജപാലനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ അതിരൂപതാംഗങ്ങളുടെ മുഴുവൻ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്താൻ KRLCBC ശുപാർശ ചെയ്യുന്ന ശുശ്രൂഷ-കമ്മീഷൻ സംവിധാനം ഏറെ സഹായകമായിരിക്കും. അതിനായി 24 കമ്മീഷനുകളും അടിസ്ഥാനക്രൈസ്തവസമൂഹങ്ങൾ (Basic Christian Communities) (BCC) ആയ കുടുംബയൂണിറ്റുകൾക്കുവേണ്ടി (Family units) ഒരു ഡയറക്ടറേറ്റും രൂപവത്കരിച്ചിരിക്കുന്നു. സിനഡ് വിഭാവനം ചെയ്ത കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ഈ കമ്മീഷനുകളിലൂടെയും ഫാമിലി ഡയറക്ടറേറ്റുവഴി കുടുംബയൂണിറ്റുകളിലൂടെയും എളുപ്പം സാധിക്കും.

ഈ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ചു കൊണ്ടുപോകുന്നതിനും അനാവശ്യ ആവർത്തനങ്ങളും മത്സരങ്ങളും ഒഴിവാക്കുന്നതിനും കമ്മീഷനുകൾ തമ്മിൽ ക്രിയാത്മകമായ സഹകരണം ഉറപ്പാക്കുന്നതിനുംവേണ്ടി, സമാനസ്വഭാവമുള്ള കമ്മീഷനുകളെയും പ്രസ്ഥാനങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് ആറ് ശുശ്രൂഷാസമിതികൾ രൂപം കൊണ്ടു. അതിരൂപതയിൽ നിലവിൽ വന്നിരിക്കുന്ന 24 കമ്മീഷനുകളിൽ ഓരോന്നും ഈ ആറ് ശുശ്രൂഷകളിൽ ഏതെങ്കിലുമൊന്നിൽ ഉൾക്കൊള്ളുന്നതാവും.

ഓരോ കമ്മീഷനിലും അഭിവന്ദ്യ മെത്രാപ്പോലീത്ത നിയമിച്ച ഡയറക്ടർക്കും സെക്രട്ടറിക്കും പുറമേ അഞ്ച് വിദഗ്ധ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കും. കമ്മീഷനുകൾ ശുശ്രൂഷാസമിതിയുടെ പൊതുവായ മേല്നോട്ടത്തിനു വിധേയമാണെങ്കിലും, തനതായ നേതൃത്വ നിർവഹണത്തിനും പരസ്പരപൂരകമായ പദ്ധതി രൂപവത്കരണത്തിനും നടത്തിപ്പിനുമാവശ്യമായ പ്രവർത്തനസ്വാതന്ത്ര്യം ഓരോ കമ്മീഷനും ഉണ്ടായിരിക്കും.

ഓരോ ശുശ്രൂഷാസമിതിയും ഉൾക്കൊള്ളുന്ന കമ്മീഷനുകളിൽ ഒന്നിന്റെ ഡയറക്ടറെയോ മറ്റൊരാളേയോ സൗകര്യാനുസരണം ശുശ്രൂഷാസമിതിയുടെ കോർഡിനേറ്ററായി അഭിവന്ദ്യ മെത്രാപ്പോലീത്ത നിയമിച്ചിട്ടുണ്ട്. മൂന്നു മാസത്തിലൊരിക്കലെങ്കിലും കോർഡിനേറ്ററുടെ നേതൃത്വത്തിൽ അതത് ശശ്രൂഷാ സമിതിയിലെ കമ്മീഷനുകൾ ഒത്തു ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുന്നു.

താഴെപ്പറയുന്നവയാണ് അതിരൂപതാ ശുശ്രുഷാസമിതികൾ:

*1. അജപാലനശുശ്രുഷാസമിതി*
*2. കുടുംബ പ്രേഷിത ശുശ്രൂഷാസമിതി*
*3. സാമൂഹികവികസനശുശ്രൂഷാസമിതി*
*4. വിദ്യാഭ്യാസ ശുശ്രൂഷാസമിതി*
*5. യുവജനപ്രേഷിത ശുശ്രൂഷാസമിതി*
*6. അല്മായ പ്രേഷിത ശുശ്രൂഷാസമിതി*

ഈ ആറ് ശുശ്രൂഷാസമിതികളിൽ വിവിധ കമ്മീഷനുകൾ ഉൾക്കൊള്ളുന്നു.

## 1.അജപാലനശുശ്രൂഷാസമിതിയിൽ വരുന്ന കമ്മീഷനുകൾ

ബൈബിൾ
മതബോധനം
ആരാധനക്രമം
തിരുകർമ സംഗീതം
സുവിശേഷ പ്രഘോഷണം
ദൈവവിളി, സെമിനാരി, വൈദികർ, സന്ന്യസ്തർ (VSCR)
സഭൈക്യ-മതാന്തരസംവാദം
ദൈവശാസ്ത്രം
സഭാനിയമം

## 2. കുടുംബപ്രേഷിത ശുശ്രൂഷാ സമിതിയിൽ വരുന്ന കമ്മീഷനുകൾ

കുടുംബം - പ്രോലൈഫ്, വിവാഹഒരുക്കം, ദമ്പതീസംഗമം, ഏകസ്ഥർ, മാതൃവേദി, പിതൃവേദി, വിധവാ വേദി, വിവാഹബ്യൂറോ, ഫാമിലി കൗൺസലിങ്, മാര്യേജ് എൻകൗണ്ടർ

## 3. സാമൂഹികവികസനശുശ്രൂഷാസമിതിയിൽ വരുന്ന കമ്മീഷനുകൾ

നീതി -സമാധാനം, പുരോഗമനം, ആരോഗ്യം, തൊഴിൽ, ലഹരി വിരുദ്ധ പ്രവർത്തനം, വനിതകൾ, പ്രവാസികൾ, പരിസ്ഥിതി.

## 4.വിദ്യാഭ്യാസശുശ്രൂഷാസമിതിയിൽ വരുന്ന കമ്മീഷനുകൾ

വിദ്യാഭ്യാസം
മാധ്യമം
പൈതൃകം (Heritage)
ചരിത്രം (History)
കലയും സംസ്കാരവും

## 5. യുവജനശുശ്രൂഷാസമിതിയിൽ വരുന്ന കമ്മീഷനുകൾ:

യുവജനം (കെ.സി.വൈ.എം, ജീസസ് യൂത്ത്, സി.എൽ.സി.)

## 6. അല്മായശുശ്രൂഷാസമിതിയിൽ വരുന്ന കമ്മീഷനുകൾ

അല്മായ കമ്മീഷൻ:
തിരുബാലസഖ്യം
സി. എൽ.സി സീനിയർ
ലീജിയൻ ഓഫ് മേരി
വിൻസെന്റ് ഡി പോൾ
സെക്കുലർ കാർമൽ
സെക്കുലർ ഫ്രാൻസിസ്കൻ
സമുദായ സംഘടകൾ (KLCA, KLCWA, CSS)
വിവിധ ഫോറങ്ങൾ (പ്രൊഫഷനൽ, ഉദ്യോഗസ്ഥർ, തൊഴിലാളികൾ)

ഈ കമ്മീഷനുകൾക്കു പുറമേ അതിരൂപതാതലത്തിൽ രാഷ്ട്രീയകാര്യസമിതിയും പാസ്റ്ററൽ കൗൺസിൽ വർക്കിങ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. എല്ലാ കമ്മീഷനുകളുടെയും ശുശ്രൂഷാസമിതികളുടെയും മേല്നോട്ടം വഹിക്കുന്നതിനും അവയെ ഏകോപിപ്പിക്കുന്നതിനുമായി ഒരു ജനറൽ കോർഡിനേറ്ററെയും നിയമിച്ചിരിക്കുന്നു.

## അടിസ്ഥാനക്രൈസ്തവസമൂഹ സംവിധാനം (BCC Directorate)

അതിരൂപതയിലെ എല്ലാ ഇടവകകളിലും അജപാലനപ്രവർത്തനങ്ങളുടെ അടിസ്ഥാനഘടകമായി നിലകൊള്ളുന്നത് 'കുടുംബയൂണിറ്റുകൾ' എന്നു നാം വിളിക്കുന്ന അടിസ്ഥാന കൈസ്തവ സമൂഹങ്ങളാണ്. സാർവത്രികസഭയുടെ ചെറുപതിപ്പുകളായി പ്രവർത്തിക്കുന്ന ഈ ക്രൈസ്തവ കൂട്ടായ്മയിലൂടെ സഭാമക്കൾ എല്ലാവരും സഭാജീവിതത്തിൽ സജീവപങ്കാളികളാകുന്നു. അതിരൂപതാസിനഡ് നല്കിയിരിക്കുന്ന എല്ലാ അജപാലനപ്രവർത്തന

ങ്ങളും കാര്യക്ഷമമായി നടപ്പിലാക്കാൻ ക്രമപ്പെടുത്തിയിട്ടുള്ള 6 ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങൾ സഭാസന്താനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നത് ഓരോ ഇടവകയിലെയും കുടുംബയൂണിറ്റുകൾ വഴിയാണ്. അതുവഴി അതിരൂപതയിൽ നിലവിലുള്ള 2079 കുടംബയൂണിറ്റുകളും സ്നേഹ സേവനശുശ്രൂഷകൾക്ക് സജീവമാകുന്നു.

അതിരൂപതയിലും ഫൊറോനകളിലും കമ്മീഷനുകളായി പ്രവർത്തിക്കുന്ന വിവിധ അജപാലനപ്രവർത്തനങ്ങൾ നമ്മുടെ ഇടവകകളിൽ 6 ശുശ്രൂഷാസമിതികളായാണ് നടത്തുന്നത്. ഈ 6 ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് യൂണിറ്റുതലത്തിലും പ്രവർത്തിക്കുന്നു. അതിനു നേതൃത്വം നല്കാൻ ഓരോ യൂണിറ്റിലും 6 ശുശ്രൂഷാ പ്രതിനിധികളെയും തിരഞ്ഞെടുത്തിട്ടുണ്ട്. അങ്ങനെ കുടുംബയൂണിറ്റ് - ഇടവക - ഫൊറോന - അതിരൂപതാ തലംവരെ അജപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സിനഡ് വിഭാവനം ചെയ്യുന്ന വിശ്വാസം, പങ്കാളിത്തം, സമൂഹനിർമ്മിതി എന്ന മോഹനസ്വപ്നം യാഥാർഥ്യമാക്കാൻ സഭയുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളിലൂടെ സാധ്യമാകുന്നു.

## ഭരണനിർവഹണ ശുശ്രൂഷാസംവിധാനം

സഭാമക്കളുടെ പങ്കാളിത്തം പൂർണമാകുന്നത് അവർ വിശ്വാസ ചൈതന്യത്തോടും ശുശ്രൂഷാമനോഭാവത്തോടും കൂടെ ഭരണപരമായ കാര്യങ്ങൾ ഏറ്റെടുക്കുന്നതിലൂടെയാണ്. ഇതിന് സഹായകമായ സംവിധാനങ്ങൾക്കും അതിരൂപതാ സിനഡ് ഊന്നൽ നല്കുന്നുണ്ട്.

## അതിരൂപതാ അജപാലനസമിതി

കനോൻനിയമം 511 അനുശാസിക്കുന്ന പ്രകാരം "അതിരൂപതാ മെത്രാപ്പോലീത്തയുടെ അധികാരത്തിൽ നിന്നുകൊണ്ട് അതിരൂപതയിലെ അജപാലനം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാനും വിലയിരുത്താനും പ്രായോഗിക നിർദേശങ്ങൾ നല്കാനും ചുമതലപ്പെട്ട വരാപ്പുഴ അതിരൂപതാ അജപാലനസമിതിക്ക് രൂപം നല്കിയിരിക്കുന്നു. അതിരൂപതയിലെ വിവിധമേഖലകളിൽ നിന്നുള്ള പ്രതിനിധികളുടെ ഈ സമിതിയിൽ



ഔദ്യോഗിക, തിരഞ്ഞെടുക്കപ്പെട്ട, നിയമിത അംഗങ്ങൾ ഉൾപ്പെടുന്നു.

അജപാലനസമിതിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിന് ഒരു പ്രവർത്തക സമിതിക്കും രൂപം നല്കിയിരിക്കുന്നു.

## അതിരൂപതാ സാമ്പത്തികകാര്യസമിതി

കനോൻനിയമം 493 പ്രകാരം അതിരൂപതയുടെ ഭൗതികസമ്പത്തിന്റെ പരിപാലനത്തിനൊപ്പം ഓരോ വർഷാരംഭത്തിലും അതിരൂപതാധ്യക്ഷന്റെ നിർദേശപ്രകാരം അതിരൂപതയുടെ മുഴുവൻ വരവു ചെലവുകളുടെയും സാധ്യത പരിഗണിച്ചുകൊണ്ട് വാർഷിക ബജറ്റ് തയ്യാറാക്കുന്നതിനും വർഷാവസാനത്തിൽ വരവു ചെലവുകൾ പരിശോധിക്കുന്നതിനും അതിരൂപതാ സാമ്പത്തിക കാര്യസമിതിയും രൂപവത്കരിച്ചിരിക്കുന്നു. സാമ്പത്തിക കാര്യങ്ങളിൽ വൈദഗ്ധ്യമുള്ള രണ്ട് അല്മായർകൂടി ഉൾക്കൊള്ളുന്നതാണ്. അതിരൂപതാ സാമ്പത്തിക കാര്യസമിതി.

## ഇടവക അജപാലനസമിതി

ഇടവകയുടെ ആധ്യാത്മികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ

പുരോഗമനപ്രവർത്തനങ്ങളിൽ അല്മായർക്ക് സജീവ ഭാഗഭാഗിത്വം നല്കുന്നതിന് സഹായകമാകുന്നവിധത്തിൽ ഇടവക അജപാലനസമിതികൾക്ക് രൂപം നല്കിയിരിക്കുന്നു. ഇടവകയിലെ അജപാലനപ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനുള്ളതാണ് ഈ സമിതി ഔദ്യോഗിക, തിരഞ്ഞെടുക്കപ്പെട്ട, നിയമിത, സ്വീകൃത അംഗങ്ങൾ ഉൾക്കൊള്ളുന്ന ഇടവകപ്രതിനിധികളുടെ സമൂഹമാണ് 'ഇടവക അജപാലനസമിതി'. അജപാലനസമിതിയുടെ നിർദേശങ്ങളും അതിരൂപതാതലനിർദേശങ്ങളും നടപ്പിൽ വരുത്തുന്നതിന് ഇടവക വികാരിയുടെ നേതൃത്വത്തിൽ പ്രവർത്തക സമിതിയും ഉണ്ടായിരിക്കും.

## ഇടവക സാമ്പത്തിക കാര്യസമിതി

ഇടവകയുടെ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ പങ്കാളിത്തവും ഉത്തരവാദിത്വവും സുതാര്യതയും ഉണ്ടാകാനും ഇടവകവികാരിയെ സഹായിക്കാനും വേണ്ടിയാണ് ഇടവക സാമ്പത്തിക കാര്യസമിതി രൂപവത്കരിച്ചിരിക്കുന്നത്. അതിരൂപത-ഇടവക അജപാലനസമിതികൾക്കും അതിരൂപത-ഇടവക സാമ്പത്തിക കാര്യസമിതികൾക്കും പ്രത്യേകം മാർഗരേഖകളും തയ്യാറാക്കിയിരിക്കുന്നു.

അതിരൂപതയുടെ സമഗ്രവികസനം വിഭാവനം ചെയ്തുകൊണ്ടു നടത്തിയ അതിരൂപതാ സിനഡിന്റെ ചൈതന്യധാര താമസിയാതെ നമുക്കനുഭവിക്കാനാകും. ആദിമക്രൈസ്തവസമൂഹം അനുഭവിച്ച അതേ ക്രിസ്തുസാന്നിധ്യം നമ്മുടെ കുടുംബങ്ങളിലും കുടുംബയൂണിറ്റിലും ഇടവകയിലും സജീവമായി ഉണ്ടാകട്ടെ! അപ്പോസ്തല നടപടി 2-ാം അധ്യായം 46-ാം വാക്യം ഈ ലേഖനത്തിന് ഒരു ആശീർവാദ വരിയാവട്ടെ:

"അവർ ഏക മനസ്സോടെ താത്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു."

അപ്പം മുറിക്കൽ, പ്രാർഥന, കൂട്ടായ്മ അതായിരുന്നു ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മുഖമുദ്ര. അതുതന്നെയാണ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ മൂന്ന് കാര്യങ്ങൾ: ഈശോ, പ്രാർഥന, ജീവിതസാക്ഷ്യം. അതു തന്നെയായിരുന്നു വരാപ്പുഴ അതിരൂപതാ സിനഡ് സ്വപ്നം കണ്ടതും: വിശ്വാസം, പങ്കാളിത്തം, സമൂഹ നിർമിതി.

